പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2482 — 23.01.2014-ൽ മറുപടിക്ക്

വാച്ചുമരം ആദിവാസി കോളനി ഭൂമി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി : | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പള്ളി പഞ്ചായത്തിലെ വാച്ചുമരം ആദിവാസി കോളനി നിവാസികൾക്ക് വീട് വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | | അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാച്ചുമരം സങ്കേതത്തിൽ 51 കുടുംബങ്ങൾ താമസിച്ചു വരുന്നു. ആയതിൽ പി.വി.റ്റി.ജി വിഭാഗമായ കാടർ സമുദായത്തിലെ 43 കുടുംബങ്ങൾക്ക് 4.9361 ഹെക്ടർ സ്ഥലത്തിന് വനാവകാശ രേഖ നൽകിയിട്ടുണ്ട്. എല്ലാ കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും പര്യാപ്തമായ സ്ഥലം ലഭ്യമാക്കുന്നതിന് സങ്കേതത്തിനു സമീപമുള്ള ആനമുക്ക് എന്ന സ്ഥലത്ത് 50 ഏക്കർ അനുയോജ്യമായ വനഭൂമി ലഭിക്കുന്നതിന് വനം വകുപ്പു മുഖേന കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്ക് അപേക്ഷിക്കുന്നതിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന് അടിസ്ഥാന വിലയും, ഉപരിയായി വരുന്ന വിലയും, തുല്യമായ സ്ഥലത്ത് വനവത്കരണം നടപ്പിലാക്കണമെന്നും, മരം മുറിക്കുകയാണെങ്കിൽ പത്തിരട്ടി മരങ്ങൾ നടണമെന്നും, ഏറ്റെടുക്കുന്ന ഭൂമിയിൽ പാരിസ്ഥിതിക പഠനം നടത്തണമെന്നുമുള്ള സാക്ഷ്യപത്രങ്ങൾ വനം വകുപ്പിന് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഭൂമിയിൽ 10 കുടുംബങ്ങൾക്ക് ഊരുകൂട്ട തീരുമാന പ്രകാരം 3,50,000/- രൂപ നിരക്കിൽ പി.വി.റ്റി.ജി പദ്ധതിയിൽപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ